# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5877**
**(30.07.2015 ലെ മറുപടിക്ക്)**

**ഉഴവൂർ മിനി സിവിൽ സ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും**

**ചോദ്യം** | **ഉത്തരം**

**ശ്രീ.മോൻസ് ജോസഫ്**

**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഉഴവൂർ മിനി സിവിൽ സ്റ്റേഷനും സബ്ട്രഷറി നിർമ്മാണവും സംബന്ധിച്ച് ട്രഷറി വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; ട്രഷറി വകുപ്പിലെ ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ; പഴയ ട്രഷറി കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; | ട്രഷറി വകുപ്പിന്റെ എ1/8085/2013 നമ്പർ ഫയലിൽ മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചു വരുന്നു. പഞ്ചായത്തിന്റെ തീരുമാനത്തിന്റെയും ബഹു.എം.എൽ.എ നൽകിയ കത്തിന്റെയും അടിസ്ഥാനത്തിൽ പഴയകെട്ടിടം പൊളിച്ചുമാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ച ശേഷം കെട്ടിടം പൊളിച്ചുമാറ്റുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പുതിയ കെട്ടിട നിർമ്മാണത്തിനും സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുമായി സ്ഥലം കൈമാറിയിട്ടുണ്ടോ; ആയതിന്റെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് വഴി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ചതെന്ന്; ഫയൽ നമ്പർ നൽകുമോ? | പുതിയ കെട്ടിട നിർമ്മാണത്തിനും സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുമായി സ്ഥലം കൈമാറിയിട്ടില്ല. ഡി.പി.ആർ ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**